പ്രവർത്തിപ്പിക്കാൻ സജ്ജമാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ കശുമാവ് തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. കൃഷി വകുപ്പ് ബൃഹത്തായ ഒരു പദ്ധതിക്ക് കേന്ദ്രത്തിൽ സഹായത്തിന അഭ്യർത്ഥിച്ച് ഒരു സ്കീം സമർപ്പിച്ചിട്ടുണ്ട്. അതുകൂടാതെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും മിച്ചമുള്ള സ്ഥലത്തെല്ലാം കശുമാവ് തൈകൾ വച്ചുപിടിപ്പിക്കുന്നതിന് കാഷ്യൂ കോർപ്പറേഷന് അനുവാദം നൽകിയിട്ടുണ്ട്. അഞ്ച് കോടി രൂപ ഇതിനായി ബഡ്ജറ്റിൽ വച്ചിട്ടുണ്ട്. ആ കാശ് ലഭ്യമാക്കി കശുമാവ് തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികളെടുക്കുന്നതാണ്. കശുവണ്ടി തൊഴിലാളികളെ രക്ഷിക്കുന്നതിനു വേണ്ടി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(10) വർക്കല മണ്ഡലത്തിലെ റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം

<u>ശ്രീ. എ. അലിഹസ്സൻ</u> : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കലയിൽ സുപ്രധാനമായ പല മരാമത്ത് പണികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ അവയിൽ പലതും നടപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഇതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം 5.41 കോടി രൂപ ചെലവുചെയ്ത് വർക്കലയിൽ ഒരു അണ്ടർ ബ്രിഡ്ജും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിന് അനുവാദം ലഭിച്ചു. അണ്ടർ ബ്രിഡ്ജിന്റെ ജോലി ഏതാണ്ട് പൂർത്തിയായിരിക്കുകയാണ്. അപ്രോച്ച് റോഡിന്റെ പണി ചെയ്യേണ്ടത് സംസ്ഥാന പൊതുമരാമത്ത് വകുപ്പാണ്. അതിന്റെ ജോലി ഇതേവരെ ആരംഭിച്ചിട്ടില്ല. അതിന്റെ പണി ഉടനെ ആരംഭിച്ചില്ലെങ്കിൽ അണ്ടർ ബ്രിഡ്ജിന്റെ പണി പൂർത്തിയാകുന്നതോടെ അവിടെ റെയിൽവേ ഗേറ്റ് അടക്കും. വർക്കലവഴിയുള്ള ഗതാഗതവും നിശ്ചലമാകും. അതുകൊണ്ട് ഈ അപ്രോച്ച് റോഡിന്റെ പണി അടിയന്തിരമായി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ, രണ്ടു കോടി രൂപ ചെലവുവരുന്ന അണ്ടർ ബ്രിഡ്ജിന്റെ പണി വർക്കലയിൽ നടന്നുകൊണ്ടിരിക്കുന്നു. എന്നാൽ അപ്രോച്ച് റോഡിന് 103 ലക്ഷം രൂപ ആവശ്യമാണ്. ബഡ്ജറ്റിൽ 11 ലക്ഷം രൂപയേയുള്ളു. ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് ഇതിന്റെ പണികൾ തുടങ്ങുന്നതാണ്. മറ്റു വർക്കുകളെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾക്കെല്ലാം സത്വര നടപടി സ്വീകരിക്കുന്നതാണ്.

(11) മുളവുകാട് തീരദേശ റോഡിന്റെ സർവേയും നിർമ്മാണവും

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> : സർ, കൊച്ചിയിൽ ഗോശ്രീ പാലം നിർമ്മാണത്തിന് അനുബന്ധമായി മുളവുകാട് ദ്വീപ് നിവാസികൾക്ക് പാലത്തിന്റെ പ്രയോജനം ലഭിക്കുന്നതിനുവേണ്ടി ദ്വീപിന് പടിഞ്ഞാറുവശത്തുകൂടി ഒരു തീരദേശ റോഡ് നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇതിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സഹായം തേടാവുന്നതാണ്. ഗവണ്മെന്റ് ഈ കാര്യത്തിൽ കാര്യക്ഷ

LIBRARY ARCHIVES Kerala Legislative Assembly

മവും പ്രയോജനകരവുമായ താല്പര്യം പ്രകടിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസ്): സർ, ഗോശ്രീ വികസന അതോറിറ്റിയുടെ 15.6.99-ൽ നടന്ന സ്റ്റിയറിംഗ് കമ്മിറ്റി മുളവുകാട്-വല്ലാർപ്പാടം വൈപ്പിൻ ദ്വീപുകളെ ബന്ധപ്പെടുത്തി റോഡുനിർമ്മാണത്തിന്റെ സാദ്ധ്യതാ സർവ്വെ നടത്താൻ കൊച്ചിൻ പോർട്ട് ട്രസ്റ്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സർവേ നടത്തുന്നതിന് ടെണ്ടർ ക്ഷണിക്കാൻ തീരുമാനിക്കുകയുണ്ടായി. പഞ്ചായത്തുകളുമായി ചേർന്ന് ജനപങ്കാളിത്തത്തോടുകൂടി ലാന്റ് യൂസ് സർവേ നടത്തുന്നതിന് തീരുമാനമായിട്ടുണ്ട്. ഏറ്റവും വേഗം സർവേ പൂർത്തിയാക്കി അദ്ദേഹം നിർദ്ദേശിച്ച പ്രകാരം പണികൾ ഏറ്റെടുക്കുന്നതാണ്.

(12) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ തെക്കുംഭാഗം റോഡിന്റെ പണി

ശ്രീ. എൻ. അനിരുദ്ധൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ പരവൂർ തെക്കുംഭാഗം റോഡിന്റെപണി അടിയന്തിരമായി ആരംഭിക്കണമെന്നാണ് എനിക്ക് ഗവണ്മെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. പരവൂർ മുനിസിപ്പാലിറ്റിയെ സുപ്രധാനമായ വർക്കലയുമായി ബന്ധിപ്പിക്കുന്ന ഒരു റോഡാണ് ഇത്. 1985-ലാണ് ഈ റോഡിന്റെ പണി ആരംഭിച്ചത്. ഈ റോഡ് ഇന്ന് സമീപവാസികൾക്ക് നിത്യദുരിതമായിത്തീർന്നിരിക്കുന്നു. കല്ലടതണ്ണി അപകടമുണ്ടായത് കൊല്ലം ജില്ലയിലാണ്. ഇത്തരത്തിലുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കുവാൻ നോക്കേണ്ടത് ഗവണ്മെന്റിന്റെ പ്രാഥമിക കടമയാണ്. എന്നാൽ അതിന് മുതിരാതിരിക്കുന്നുവെന്ന ആരോപണം എനിക്കുണ്ട്. 1985-ൽ തുടങ്ങിയ ഈ റോഡിന്റെ പണി ഈ സഹസ്രാബ്ദത്തിലെങ്കിലും തീരണമെന്ന നിർബന്ധമുണ്ട്. "നിനച്ചാൽ പുലിയെ പിടിപ്പേൻ ഉശിര് പോനാലും നിലക്കമാട്ടേൻ" എന്ന രീതിയിലാണ് ഉദ്യോഗസ്ഥൻമാരുടെ സ്ഥിതി. അതിന് പരിഹാരം കാണണം. ബഹുമാന്യനായ മന്ത്രി ഇതിൽ ഇടപെടണം. അവിടെ ഇന്ന് റോഡ് ഉപരോധം നടക്കുകയാണ്. ആ പ്രദേശത്തെ, മുനിസിപ്പാലിറ്റിയുടെ മുഴുവൻ റോഡുകളും ഒന്നടങ്കം ഉപരോധിക്കുകയാണ്. അത് രൂക്ഷമായ സമരത്തിലേയ്ക്കും നിയമസമാധാന പ്രശ്നങ്ങളിലേക്കും എത്തിക്കുന്നതിന് മുൻപായി ഇതിന് പരിഹാരം കാണാൻ ശ്രമിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ് : ഇത് വളരെ പഴക്കമുള്ളതാണെങ്കിലും ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയായി ഗവണ്മെന്റിന്റെ മുൻപിൽ എത്തിയത് ഈ അടുത്ത കാലത്താണ്. 7.12.1999-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ബഡ്ജറ്റിൽ ഒരു ലക്ഷം രൂപയേ ഉള്ളൂ. 20 ശതമാനം പ്രൊവിഷൻ ഉണ്ടാക്കിയാലേ പണി ഉടൻ തുടങ്ങാൻ കഴിയുകയുള്ളൂ. ആ പ്രൊവിഷനുണ്ടാക്കിയാൽ പണി ഉടനെ ഏറ്റെടുത്ത് തുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly